# പഠ്ന ലിഖ്ന അഭിയാൻ

2021 ഡിസംബർ 20

വാർത്താപത്രിക

കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

കേരളസംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി


### ആമുഖം

കേന്ദ്രസർക്കാരിന്റെ സാക്ഷരതാ സ്കീമിൽ രണ്ട് ലക്ഷം പേരെ സാക്ഷരരാക്കുന്നതിനായി സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് പഠ്ന ലിഖ്ന അഭിയാൻ. 12 വർഷങ്ങൾക്ക് ശേഷമാണ് കേന്ദ്രസർക്കാരിന്റെ സാക്ഷരതാസ്കീമിൽ കേരളത്തെ ഉൾപ്പെടുത്തുന്നത്. പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായമാണ് ലഭ്യമാകുക. 2009ന് ശേഷം നടപ്പിലാക്കുന്ന കേന്ദ്രപദ്ധതിയുടെ ആദ്യഘട്ടത്തിൽ കേരളത്തിൽ നിന്നും അഞ്ച് ജില്ലകളെയാണ് പരിഗണിക്കുന്നത്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ജനകീയമായാണ് പഠ്ന ലിഖ്ന അഭിയാൻ പദ്ധതി നടപ്പിലാക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാകും പദ്ധതി പ്രവർത്തനങ്ങൾ.
2009ന് ശേഷം കേരളത്തിൽ നടപ്പാക്കിയ ഒരു സാക്ഷരതാ പദ്ധതിക്കും കേന്ദ്രധനസഹായം ലഭ്യമായിരുന്നില്ല.
സംസ്ഥാനസർക്കാരിന്റെ സാക്ഷരതാരംഗത്തെ വിജയമാണ് പദ്ധതികളിൽ ഇടംപിടിക്കാൻ കാരണമായത്. സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന സാക്ഷരതാ തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ ദേശീയതലത്തിൽ ശ്രദ്ധനേടിയതോടെയാണ് കേന്ദ്രസർക്കാർ പദ്ധതിയിൽ കേരളവും ഇടംപിടിച്ചത്.
പട്ടികജാതി, പട്ടികവർഗം, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ എന്നീ വിഭാഗത്തിലുള്ളവർക്ക് പ്രത്യേക പരിഗണനനൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുക. ജനറൽ വിഭാഗത്തിലുള്ളവരെയും പദ്ധതിയിൽ ഉൾപ്പെടുത്തും. 2020-21 വർഷം കൊവിഡ് വ്യാപനത്തെത്തുടർന്ന് പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. സാക്ഷരതാമിഷന്റെ അഭ്യർഥനമാനിച്ച് 2022 മാർച്ച് 31 വരെ പദ്ധതി നടത്തിപ്പിനുള്ള അനുമതി ലഭിച്ചു. പദ്ധതി നടത്തിപ്പിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാനസർക്കാരും വകയിരുത്തും.




## പഠ്ന ലിഖ്ന അഭിയാൻ
# സഹകരണ ഫെഡറലിസത്തിന്റെ ദൃഷ്ടാന്തം – മുഖ്യമന്ത്രി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പഠ്ന ലിഖ്ന അഭിയാന്റെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 7 ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രവും സംസ്ഥാനവും യോജിക്കുക പ്രധാനമാണ്. ഇത് സഹകരണ ഫെഡറലിസത്തിന്റെ ദൃഷ്ടാന്തം കൂടിയാണെന്ന് പദ്ധതി ഉദ്ഘാടനം ചെയ്തു കൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള സഹകരണം പലതോതിലുള്ള സാമൂഹ്യ മുന്നേറ്റത്തിന് ഉപയോഗപ്പെടും. കഴിഞ്ഞ കാലത്ത് മികച്ചരീതിയിൽ നടന്ന കേരളത്തിന്റെ സാക്ഷരതാപ്രവർത്തനം മാതൃകയാക്കണമെന്നാണ് കേന്ദ്രസർക്കാരിനോട് നിതി ആയോഗ് നിർദേശിച്ചിട്ടുള്ളത്. അത്തരത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച നമുക്ക് പഠ്ന ലിഖ്ന അഭിയാൻ പദ്ധതിയിലൂടെ രണ്ട് ലക്ഷം പേരെ സാക്ഷരരാക്കുകയെന്ന ലക്ഷ്യം നേടിയെടുക്കാൻ സാധിക്കും. കേരളത്തിലെ അടിസ്ഥാന വിഭാഗങ്ങളെയും ന്യൂനപക്ഷങ്ങളെയും സ്ത്രീകളെയും ശാക്തീകരിക്കാൻ കഴിയുന്ന പദ്ധതിയായി ഇതിനെ രൂപപ്പെടുത്താൻ കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരം ശാസ്ത്ര സാങ്കേതിക മ്യൂസിയം ഹാളിൽ നടന്ന പരിപാടിയിൽ നെഹ്റുയുവകേന്ദ്ര സംസ്ഥാന ഡയറക്ടർ ശ്രീ. കെ. കുഞ്ഞഹമ്മദ്, പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (എംപ്ലോയ്മെന്റ്) ശ്രീമതി ധന്യ ആർ. കുമാർ, കുടുംബശ്രീമിഷൻ പ്രോഗ്രാം ഓഫീസർ ശ്രീ. ബി. എസ് മനോജ്, നാഷണൽ സർവീസ് സ്കീം സംസ്ഥാന ഓഫീസർ ഡോ. ആൻസർ ആർ. എൻ, എൻ.സി.സി കമാൻഡിങ്ങ് ഓഫീസർ ലെഫ്റ്റനന്റ്കേണൽ ശ്രീ. ദീപക്, തിരുവനന്തപുരം ഡയറ്റ് ലക്ചറർ ശ്രീ. സതീഷ് ചന്ദ്ര ബാബു എന്നിവർ സംസാരിച്ചു. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി. എസ്. ശ്രീകല സ്വാഗതവും അസി.ഡയറക്ടർ ശ്രീ. സന്ദീപ് ചന്ദ്രൻ എ നന്ദിയും പറഞ്ഞു.





ബഹുമാന്യരേ,

പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം കേന്ദ്രസാക്ഷരതാ സ്കീമിലേക്ക് കേരളം ഉൾപ്പെട്ടിരിക്കുകയാണ്. 2009ൽ സാക്ഷർ ഭാരത് എന്ന സ്കീമിൽ നിന്ന് കേരളത്തെ മാത്രം കേന്ദ്രസർക്കാർ ഒഴിവാക്കിയതിന്റെ മാനദണ്ഡം സ്ത്രീസാക്ഷരത 50% ൽ കുറഞ്ഞ ജില്ലകൾ കേരളത്തിൽ ഉണ്ടായിരുന്നില്ല എന്നതുകൊണ്ടാണ്. എന്നാൽ, 2017–18 കളിൽ കേരള സാക്ഷരതാമിഷൻ കേന്ദ്രസർക്കാരിന് വ്യത്യസ്ത പ്രൊപ്പോസലുകൾ സമർപ്പിച്ചു.

സാക്ഷരത എന്നാൽ എഴുതാനും വായിക്കാനുമുള്ള ശേഷി മാത്രമല്ല എന്നും സാമൂഹ്യ സാക്ഷരത അതിലുൾപ്പെടുമെന്നും കേരളം പറഞ്ഞു. കൂടാതെ, പാർശ്വവൽകൃത വിഭാഗങ്ങളെ സാക്ഷരരാക്കാനുള്ള കൂടുതൽ ശ്രദ്ധ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാവണമെന്നും കേരളം ചൂണ്ടിക്കാട്ടി. ഇതോടൊപ്പം കേരളത്തിലെ നൂതനമായ സാക്ഷരതാ പദ്ധതികൾ ദേശീയ ശ്രദ്ധയിൽപെട്ടു. നിതി ആയോഗ് തന്നെ അവയെ പ്രശംസിച്ച് പരാമർശിക്കുന്ന സ്ഥിതിയുണ്ടായി. ഈ സാഹചര്യത്തിലാണ് പഢ്ന ലിഖ്ന അഭിയാൻ എന്ന പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്.

തിരുവനന്തപുരം, മലപ്പുറം, വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകൾ ഉൾപ്പെടുന്ന ഈ പദ്ധതി കൊവിഡ് കാരണം നിശ്ചിത സമയത്ത് തുടങ്ങാൻ സാധിച്ചില്ല. ഇപ്പോൾ 2022 മാർച്ച് 31വരെ കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 60% വും സംസ്ഥാനസർക്കാരിന്റെ 40% വും ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന പദ്ധതി സമ്പൂർണ്ണ സാക്ഷരതായജ്ഞം പോലെ ജനകീയമായാണ് സംഘടിപ്പിക്കുന്നത്. സന്നദ്ധസേവകരായ 20000 പേർ ചേർന്ന് രണ്ടുലക്ഷം പേരെ സാക്ഷരരാക്കുന്ന ഈ മഹാസംരംഭത്തിന്റെ സംഘാടന പ്രവർത്തനങ്ങളാണ് ഈ വാർത്താപത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

വീണ്ടും കേരളത്തെ മാതൃകയാക്കാൻ നമുക്ക് ഒരുമിക്കാം....

സ്നേഹത്തോടെ

ഡോ. പി. എസ്. ശ്രീകല
എഡിറ്റർ & ഡയറക്ടർ

## ലക്ഷ്യങ്ങൾ

- രണ്ട് ലക്ഷം നിരക്ഷരരെ സാക്ഷരരാക്കുക.
- പദ്ധതി വിഭാവനം ചെയ്യുന്നതുപോലെ സ്ത്രീകൾ, എസ്.സി, എസ്.ടി വിഭാഗങ്ങൾ മറ്റ് പിന്നാക്ക - ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- സന്നദ്ധസേവകരിലൂടെ പദ്ധതി നടപ്പിലാക്കുക.
- വിവിധ വകുപ്പുകളുമായുള്ള സംയുക്ത പ്രവർത്തനങ്ങളിലൂടെ പദ്ധതി വിജയിപ്പിക്കുക.
- 2022 മാർച്ച് 31 നുള്ളിൽ പദ്ധതി പൂർത്തീകരിക്കുക.

## നടപ്പിലാക്കുന്ന രീതി

- സംസ്ഥാന, ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് തലത്തിൽ സംഘാടക സമിതികൾ രൂപീകരിച്ചുള്ള പ്രവർത്തനങ്ങൾ.
- വിവിധ വകുപ്പുകൾ കൂടിച്ചേർന്നുള്ള പ്രവർത്തനങ്ങൾ
- വിവിധ പരിശീലനങ്ങൾ.
- പങ്കാളിത്തപ്രവർത്തനങ്ങൾ.
- പി.എഫ്.എം.എസ് ഓൺലൈൻ ട്രാൻസാക്ഷൻ – പരിശീലനങ്ങൾ
- നിരന്തര അവലോകനങ്ങൾ.
- പഞ്ചായത്തിരാജ് സംവിധാനങ്ങളുടെ നേതൃത്വം.
- സന്നദ്ധപ്രവർത്തന രീതിയിൽ പദ്ധതി നടപ്പിലാക്കുക.

## കരട് രൂപരേഖ ആലോചനായോഗം

- കരട് രൂപരേഖ ആലോചനായോഗം 2021 നവംബർ 24ന് ഓൺലൈനായി ചേർന്നു.
- ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ ആമുഖ പ്രഭാഷണം നടത്തി.
- ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി അധ്യക്ഷനായി.
- ഡിസംബർ 10 ന് സർവേ ആരംഭിക്കാൻ തീരുമാനമായി.
- പദ്ധതി നടപ്പിലാക്കുന്ന തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ എം.എൽ.എമാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാപഞ്ചായത്ത് സെക്രട്ടറിമാരും യോഗത്തിൽ പങ്കെടുത്തു.
- എം.എൽ.എമാരായ ശ്രീ. കെ. ബാബു, അഡ്വ. കെ. ശാന്തകുമാരി, ശ്രീ. കെ. ഡി. പ്രസേനൻ, ശ്രീ. പി. ഉബൈദുള്ള, ശ്രീ. കെ. കെ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. നജീബ് കാന്തപുരം എന്നിവർ ചർച്ചയിൽ പങ്കെടുത്തു.
- സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി. എസ്. ശ്രീകല പ്രവർത്തന രൂപരേഖയുടെ കരട് അവതരിപ്പിച്ചു.





## സന്നദ്ധ സംഘടനകളുടെ സംസ്ഥാനതല യോഗം

- പഢ്ന ലിഖ്ന അഭിയാൻ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ വിവിധ സംഘടനകളുടെ യോഗം ചേർന്നു.
- യോഗത്തിൽ എൻ.എസ്.എസ്, എൻ.സി.സി, കുടുംബശ്രീ, ലൈബ്രറി കൗൺസിൽ, ഡയറ്റ് പ്രിൻസിപ്പൽമാർ, നെഹ്റുയുവകേന്ദ്ര, യുവജനക്ഷേമബോർഡ് എന്നീ സംഘടനകൾ പിന്തുണ അറിയിച്ചു.
- സർവേകളിലും ക്ലാസുകളിലും വളണ്ടിയർമാരായും സംഘാടകരായും വിവിധസംഘടനകളിലെ ഉദ്യോഗസ്ഥരും അംഗങ്ങളും പങ്കെടുക്കും.
- പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യോഗത്തിൽ പങ്കെടുത്ത സംഘടനകളുടെ ജില്ലാതല യോഗങ്ങൾ ചേരാൻ തീരുമാനിച്ചു.
- സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി. എസ്. ശ്രീകല പദ്ധതിയുടെ പ്രാധാന്യം വിശദീകരിച്ചു
- ഡോ. ആർ. എൻ. അൻസർ (എൻ.എസ്.എസ്), ശ്രീ. കെ. കുഞ്ഞഹമ്മദ്, ശ്രീ. അലി സാബ്രിൻ (നെഹ്റുയുവകേന്ദ്ര), ശ്രീ. വിപിൻ വി. സി (കുടുംബശ്രീ), ശ്രീ വി. ഡി. പ്രസന്നകുമാർ, ശ്രീ. കെ. ആർ രാജേഷ്, ശ്രീമതി ബി. ഷീജ (യുവജനക്ഷേമബോർഡ്), ഡോ. ആർ. മേഴ്സി, ശ്രീ. അനിരുദ്ധൻ (ഡയറ്റ്), ശ്രീമതി. കെ. വിജയകുമാരി (പൊതുവിദ്യാഭ്യാസ ഡയറക്ട്രേറ്റ്), ശ്രീമതി. എസ്. ജെ. ഷാനി (എൻ.സി.സി) എന്നിവർ യോഗത്തിൽ പങ്കെടുത്തു.



## സന്നദ്ധസംഘടനകളെ ഉൾപ്പെടുത്തി ജില്ലാതല യോഗങ്ങൾ

- അഞ്ച് ജില്ലകളിലെയും സന്നദ്ധസംഘടനകളുടെ ജില്ലാ ഓഫീസ് ഭാരവാഹികളുടെയും ഡയറ്റ് പ്രിൻസിപ്പൽമാരുടെയും സംയുക്തയോഗം 2021 നവംബർ 26ന് ഓൺലൈനായി ചേർന്നു.
- സംഘടനകൾ ജില്ലാ-പ്രാദേശിക തലത്തിലുള്ള സഹകരണം ഉറപ്പുനൽകി.

## സംഘാടകസമിതികൾ



### മലപ്പുറം

- സംഘാടകസമിതി രൂപീകരണയോഗം നവംബർ 26 ന് മലപ്പുറം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം. കെ. റഫീഖ ഉദ്ഘാടനം ചെയ്തു.
- ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ. ഇസ്മയിൽ മൂത്തേടം അധ്യക്ഷനായി.

### വയനാട്

- നവംബർ 27 ന് ചേർന്ന സംഘാടകസമിതി രൂപീകരണയോഗം ജില്ലാ പഞ്ചായത്ത് ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. എം. മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു.
- ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. ജുനൈദ് കൈപ്പാണി അധ്യക്ഷനായി.





### പാലക്കാട്

- സംഘാടക സമിതി രൂപീകരണയോഗം നവംബർ 27 ന് ശ്രീ. കെ.ഡി പ്രസേനൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.
- ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ ബിനുമോൾ അധ്യക്ഷയായി.

### ഇടുക്കി

- നവംബർ 27 ന് ചേർന്ന സംഘാടകസമിതി രൂപീകരണയോഗം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജിജി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.
- ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീമതി ഉഷാകുമാരി മോഹൻകുമാർ അധ്യക്ഷയായി.





### തിരുവനന്തപുരം

- നവംബർ 29 ന് സംഘാടകസമിതി രൂപീകരണയോഗം ചേർന്നു.
- ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീമതി. ഷൈലജ ബീഗം ഉദ്ഘാടനം ചെയ്തു.
- വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. സലുജ വി. ആർ അധ്യക്ഷയായി.
- പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് കോർപ്പറേഷൻ/ മുനിസിപ്പൽ/ഗ്രാമപഞ്ചായത്ത് തലത്തിൽ സംഘാടക സമിതികൾ രൂപീകരിച്ചു.



പഠ്ന ലിഖ്ന അഭിയാൻ പദ്ധതിയുടെ ഇടുക്കി ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജിജി. കെ. ഫിലിപ്പ് നിർവഹിക്കുന്നു.



തിരുവനന്തപുരം പെരുങ്കടവിള വാർഡിൽ നടന്ന സർവേയിൽ ബഹു. എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രൻ വിവരശേഖരണം നടത്തുന്നു.

# ജില്ലാതല സർവേകൾ



- പദ്ധതിയുടെ ജില്ലാതല സർവേ താനാളൂർ ഗ്രാമപഞ്ചായത്തിലെ മഞ്ചാടിക്കുന്ന് കോളനിയിൽ ബഹു. കായിക, വഖഫ്, ഹജ്ജ് വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു.

## മലപ്പുറം

- ഒട്ടുമ്മൽ ഹംസയെ പഠിതാവായി ചേർത്തുകൊണ്ടാണ് മന്ത്രി ഉദ്ഘാടനം നിർവഹിച്ചത്. താനാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ. എം. മല്ലിക അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ വി. കെ. എം ഷാഫി മുഖ്യപ്രഭാഷണം നടത്തി.
- ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. വി.അബ്ദുറസാഖ്, സ്ഥിരംസമിതി അധ്യക്ഷന്മാരായ ശ്രീമതി കെ. വി. സിനി, ശ്രീ. പി.സതീശൻ, അംഗങ്ങളായ ശ്രീ. ഷെബിർ കുഴിക്കാട്ടിൽ, ശ്രീ. സുലൈമാൻ ചാത്തേരി, സെക്രട്ടറി ശ്രീ. പി. രാംജിലാൽ, സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ശ്രീ. സി.അബ്ദുൽ റഷീദ്, അസി. കോ-ഓർഡിനേറ്റർ ശ്രീ. എം.മുഹമ്മദ് ബഷീർ, മലപ്പുറം ഡയറ്റ് ലക്ചറർ ശ്രീമതി എസ്. ബിന്ദു, സാക്ഷരതാസമിതി അംഗം ശ്രീ. മുജീബ് താനാളൂർ, ശ്രീമതി എ. വി. ജലജ എന്നിവർ പങ്കെടുത്തു.

## പാലക്കാട്

- ജില്ലാതല സർവേ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പ്ലാച്ചിമടയിൽ ജില്ലാ പഞ്ചായത്ത് അധ്യക്ഷ ശ്രീമതി കെ. ബിനുമോൾ നിർവഹിച്ചു.
- പെരുമാട്ടി പഞ്ചായത്ത് അധ്യക്ഷ റിഷ പ്രേംകുമാർ അധ്യക്ഷയായി.
- ജില്ലാ സാക്ഷരതാമിഷൻ കോ-ഓർഡിനേറ്റർ ഡോ.മനോജ് സെബാസ്റ്റ്യൻ പദ്ധതി വിശദീകരണം നടത്തി.
- ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി മാധുരി പത്മനാഭൻ, പെരുമാട്ടി പഞ്ചായത്ത് ഉപാധ്യക്ഷൻ ശ്രീ. എ. കൃഷ്ണകുമാർ, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷൻ ശ്രീ. കെ. സുരേഷ്, ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷ ശ്രീമതി ഉഷാനന്ദിനി, സാക്ഷരതാസമിതി അംഗം ശ്രീ. ഒ. വിജയൻ, സാക്ഷരതാമിഷൻ അസി. കോ-ഓർഡിനേറ്റർ



ശ്രീമതി പി.വി.പാർവതി, പെരുമാട്ടി പഞ്ചായത്ത് സെക്രട്ടറി ശ്രീമതി കാഞ്ചന, നോഡൽ പ്രേരക് ശ്രീമതി വി. രമ, പ്രേരക് ശ്രീ. വി. രാമകൃഷ്ണൻ എന്നിവർ പങ്കെടുത്തു.



- സർവേയുടെ ജില്ലാതല ഉദ്ഘാടനം മറയൂരിൽ ദേവികുളം എം എൽ എ അഡ്വ. എ. രാജ നിർവഹിച്ചു.
- മറയൂർ പഞ്ചായത്തിലെ കുമ്മിട്ടാംകുഴി എസ്. ടി കോളനിയിലെ മുരുകമ്മാളിൽ നിന്നും വിവരശേഖരണം നടത്തിയായിരുന്നു ഉദ്ഘാടനം.

## ഇടുക്കി

- സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ശ്രീ. പി. എം. അബ്ദുൾ കരീം പദ്ധതി വിശദീകരിച്ചു.
- മറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ ഹെൻട്രി ജോസഫ് അധ്യക്ഷയായി.
- മറയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. മണികണ്ഠൻ ബി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ശ്രീ. ജോമോൻ തോമസ്, ശ്രീമതി ദീപ അരുൾ ജ്യോതി, ശ്രീമതി സത്യവതി പളനിസ്വാമി, ജില്ലാ പഞ്ചായത്തംഗം ശ്രീ. സി. രാജേന്ദ്രൻ, പഞ്ചായത്തംഗം ശ്രീ. കുട്ടിരാജ്, എസ് സി പ്രമോട്ടർ ശ്രീമതി ജയലക്ഷ്മി മോഹൻ, പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ ശ്രീമതി അഞ്ജന സുശീൽ എസ്, വാർഡ് റിസോഴ്സ് പേഴ്സൺമാരായ ശ്രീമതി സെൽവി ഗണേശൻ, ശ്രീമതി ശരണ്യരാജൻ, ശ്രീമതി തേൻമൊഴി, പഞ്ചായത്ത് കോ-ഓർഡിനേറ്റർ ശ്രീമതി വാസന്തി ആർ എന്നിവർ പങ്കെടുത്തു.

## തിരുവനന്തപുരം

- സർവേയുടെ ജില്ലാതല ഉദ്ഘാടനം നെയ്യാറ്റിൻകരയിൽ എം.ൽ.എ. ശ്രീ. കെ. ആൻസലൻ നിർവഹിച്ചു.
- മുക്കംപാലവിള വീട്ടിൽ ശ്രീമതി ടി. ലീലയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുകൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്.
- നെയ്യാറ്റിൻകര നഗരസഭ വിദ്യാഭ്യാസ സ്ഥിരംസമിതി അംഗം ഡോ. എം. എ സാദത്ത് അധ്യക്ഷനായി.
- വാർഡ് കൗൺസിലർ ശ്രീമതി എൻ. എസ്. ഷീല, ജില്ലാ സാക്ഷരതാമിഷൻ അസി. കോ-ഓർഡിനേറ്റർ ശ്രീ. ബി. സജീവ്, ശ്രീ. ശ്രീകുമാർ ടി, നോഡൽ പ്രേരക് ശ്രീമതി ബിന്ദു വി. എസ് തുടങ്ങിയവർ പങ്കെടുത്തു.



# വിവിധ പരിപാടികൾ



പാലക്കാട് ജില്ലാതല ഉദ്ഘാടനവും റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനവും ജില്ലാപഞ്ചായത്ത് ഹാളിൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ കൃഷ്ണൻകുട്ടി നിർവഹിക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ. ബിനുമോൾ അധ്യക്ഷയായി.



ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് പഞ്ചായത്തിലെ സർവേയിൽ ജില്ലാ കളക്ടർ ശ്രീമതി ഷീബ ജോർജ്ജും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജിജി കെ. ഫിലിപ്പും ചേർന്ന് വിവരശേഖരണം നടത്തുന്നു.



മലപ്പുറം ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം.കെ. റഫീഖ നിർവഹിക്കുന്നു.



മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷരുടെയും വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷരുടെയും യോഗം എം.എൽ.എ ശ്രീ. പി. ഉബൈദുള്ള ഉദ്ഘാടനം ചെയ്യുന്നു.



തിരുവനന്തപുരം ആറ്റിങ്ങൽ നഗരസഭയിൽ നടന്ന സർവേയിൽ ആറ്റിങ്ങൽ എം.എൽ.എ ശ്രീമതി. ഒ. എസ്. അംബിക, നഗരസഭ ചെയർപേഴ്സൺ അഡ്വ. എസ്. കുമാരി എന്നിവർ വിവരശേഖരണം നടത്തുന്നു.



വയനാട് ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. എം. മുഹമ്മദ് ബഷീറിന്റെ അധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുകളുടെ ആലോചനായോഗം.

Edited, Printed & Published by Dr. P S Sreekala, Director, Kerala State Literacy Mission Authority, ' Aksharam', Near Pettah Govt. Boys HSS, Pettah P.O., Thiruvananthapuram - 24
Layout and Design : Sanil alathoor